**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

സർക്കുലർ – 284

# രോഗം പാൻഡെമിക് ആകുമ്പോൾ ശുശ്രൂഷകളും പാൻഡെമിക് ആകണം

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ,

കോവിഡ് മഹാമാരിയെക്കുറിച്ച് ഇതിനുമുമ്പ് നല്കിയ സർക്കുലറുകളുടെ ഓർമ്മപ്പെടുത്തലും തുടർച്ചയുമായി ഏതാനും കാര്യങ്ങൾകൂടി അറിയിക്കട്ടെ. ആദ്യമേതന്നെ നിങ്ങളെ എല്ലാവരേയും അഭിനന്ദിക്കുന്നു. ഈ കോവിഡ്-19 കാലഘട്ടത്തിൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ വളരെ വിലപ്പെട്ടതാണ്. രോഗാവസ്ഥയും ലോക്ക് ഡൗണും നീളുന്നതിനാൽ ജനങ്ങൾ ഏറെ കഷ്ടപ്പെടുന്നുണ്ട്. രോഗാവസ്ഥയിലും വിശപ്പിലും ദാരിദ്ര്യത്തിലും കഴിയുന്നവരുടെ എണ്ണം കൂടിവരികയാണ്. സാമ്പത്തികമാന്ദ്യവും ആത്മീയമാന്ദ്യവും ജനങ്ങൾ ഒരുപോലെ അനുഭവിക്കുകയാണ്. രോഗം പാൻഡെമിക് ആകുമ്പോൾ നമ്മുടെ ശുശ്രൂഷകളും പാൻഡെമിക് ആകണം. (pan - എല്ലാവരിലേക്കും, demos - ജനങ്ങൾ). എല്ലാ ജനങ്ങളിലേക്കും വ്യാപിക്കുന്ന ശക്തമായ നോട്ടവും ഇടപെടലുകളും നമ്മുടെ ഓരോരുത്തരുടെയും ഭാഗത്തുനിന്ന് ഇനിയും ഉണ്ടാകേണ്ടതുണ്ട്. ഓരോ വൈദികന്റെയും സമർപ്പിതന്റെയും പക്കൽനിന്ന് കരുണയുടെ കരവും വചനത്തിന്റെ സ്വരവും കാണാനും കേൾക്കാനും ഇപ്പോഴും അനേകർ കാത്തിരിക്കുകയാണ്. ക്രിസ്താനുകരണം എന്നത് ജനങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ചും രോഗങ്ങളെക്കുറിച്ചും ഒറ്റപ്പെടലിനെക്കുറിച്ചും അറിവും അനുഭവവും ഉള്ളവരായിരിക്കുക എന്നുകൂടിയാണ്. നമ്മൾ നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരാകരുത്. “മറ്റുള്ളവർ സഹിക്കുമ്പോൾ നമ്മൾ നിശബ്ദരും നിസ്സംഗരുമായി മാറി നില്ക്കരുത്. എവിടെ കാരുണ്യമുണ്ടോ അവിടെ മിശിഹായുടെ അരൂപിയുണ്ട്; എവിടെ കാർക്കശ്യം മാത്രം നിലനില്ക്കുന്നുവോ അവിടെ ശുശ്രൂഷകരുടെ നിലവാരം കുറയുന്നു” (വി. അംബ്രോസ്). “രോഗീപരിചരണം ഒന്നാമതായും എല്ലാറ്റിനും ഉപരിയായും പരിഗണിക്കണം” (വി. ബനഡിക്റ്റ്).

ഒരു സമൂഹത്തിന്റെ ഗുണമേന്മ നിശ്ചയിക്കപ്പെടുന്നത് ആ സമൂഹം അതിലെ സാധാരണക്കാരേയും അവശത അനുഭവിക്കുന്നവരേയും എപ്രകാരം കാണുന്നു എന്നതിലാണ്. വിധവകൾ, ദരിദ്രർ, രോഗികൾ, അനാഥർ, അംഗവൈകല്യമുള്ളവർ, പരദേശികൾ തുടങ്ങിയവരെല്ലാം നമ്മുടെ സ്വന്തം കുടുംബത്തിൽ, രൂപതയിൽ ഉള്ളവരാണ്. സംസ്കാരങ്ങൾ നിലനിൽക്കുന്നതും വളരുന്നതും ശക്തികൊണ്ടല്ല; ശക്തിയില്ലാത്തവരെ എപ്രകാരം നമ്മൾ പരിഗണിക്കുന്നു എന്നതുവഴിയാണ്. നമുക്കുചുറ്റുമുള്ള ബലഹീനന്മാർക്ക് എപ്രകാരം ശക്തിപകർന്നു നൽകുന്നു എന്നതായിരിക്കണം സർവ്വപ്രധാനമായ കാര്യം. അധികാരം കൊണ്ടല്ല അധികാരമില്ലാത്തവരോടുള്ള കരുതൽ കൊണ്ടാണ് സമൂഹം ശക്തിപ്പെടേണ്ടത്. ക്രൈസ്തവികതയുടെ തത്ത്വങ്ങൾ വളരെ ഉയർന്നതാണ്. പക്ഷേ അതിന്റെ ഉത്തരവാദിത്ത്വങ്ങൾ നമ്മുടെ കരങ്ങളിലും തൊട്ടുമുമ്പിലുമാണ്. കരങ്ങൾ നീട്ടിയാൽ മതി, കണ്ണുകൾ തുറന്നു നോക്കിയാൽ മതി. പലവിധ കാരണങ്ങളാൽ മുറിവേറ്റവരെ സൗഖ്യപ്പെടുത്തിക്കൊണ്ട് മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹമായി നമുക്ക് മുന്നോട്ടു പോകാനാവൂ. “നിങ്ങൾ സ്നേഹം എന്ന പുണ്യത്തിൽ എന്ന് കത്തിജ്വലിക്കാത്തവരാകുന്നുവോ അന്നുമുതൽ അനേകർ തണുപ്പേറ്റ് മരിക്കും” (വി. ബെനവെഞ്ചർ). നമ്മുടെ വാക്കുകളല്ല ഹൃദയമാണ് ദൈവം കേൾക്കുന്നത്.

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

നമ്മുടെ രൂപതയിലെ ഓരോ വ്യക്തിയും നല്ല സമരിയാക്കാരനെപ്പോലെ, സൈറിൻക്കാരനായ ശിമോനെപ്പോലെ പെരുമാറാൻ തയ്യാറാകണം. രോഗാവസ്ഥയിലും മരണാവസ്ഥയിലും സഹായിക്കണം. ആവശ്യക്കാരിലേക്ക് കുനിഞ്ഞ് അവരെ താങ്ങിയെടുത്ത് തോളിലേറ്റണം. അപ്പോൾ സുവിശേഷം നാം ജീവിച്ചുകൊണ്ട് വ്യാഖ്യാനിക്കുകയാണ്. മർത്തായും മറിയവും (ശുശ്രൂഷയും പ്രാർത്ഥനയും) നമ്മിൽ ഒരുമിക്കുകയാണ്. എല്ലാ വിശ്വാസ സത്യങ്ങളും അതിന്റെ ലളിത രൂപത്തിൽ ആദ്യം പഠിപ്പിക്കുന്നത് വീടുകളിലാണ്. സഭയുടെ വിശ്വാസം ജീവിക്കുന്നത് കുടുംബങ്ങളിലാണ്. നമ്മുടെ സന്തോഷം നമുക്ക് എത്രമാത്രം സമ്പാദിക്കാൻ സാധിച്ചു എന്നതിലായിരിക്കരുത്. മറിച്ച് എത്രമാത്രം കൊടുക്കാൻ സാധിച്ചു എന്നതിലാവണം. സമ്പാദിക്കുന്നതല്ല - നൽകുന്നതാണ്, കൊടുക്കുന്നതാണ് ക്രിസ്തീയത.

എല്ലാ വിപ്രവാസത്തിനുശേഷവും ഒരു തിരിച്ചുവരവുണ്ട്. എല്ലാ നാശങ്ങൾക്കും ശേഷം ഒരു നവസൃഷ്ടിയുണ്ട്. ഏത് അരക്ഷിതാവസ്ഥയിൽ നിന്നും ഒരു കരേറ്റമുണ്ട്. സുവിശേഷത്തിന് എല്ലാം മാറ്റിമറിക്കാൻ കഴിയും. ആദ്യമേ സൂചിപ്പിച്ചതുപോലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും വചന വ്യാഖ്യാനരീതികളിലും മൂല്യാധിഷ്ഠിത ചിന്തകൾ പങ്കു വയ്ക്കുന്നതിലും ഒട്ടേറെപ്പേർ, വൈദികരും മറ്റുസഹോദരങ്ങളും നമ്മുടെ രൂപതയിൽ സജീവമായി രംഗത്തുണ്ട്. ഏറ്റവും അഭിമാനകരമായ കാര്യവുമാണ്. ഇനിയും നമ്മൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. പാലാ രൂപതയിലെ ഓരോ ഇടവകയും ഓരോ മഠവും ഓരോ ആശുപത്രിയും ഓരോ വിദ്യാഭ്യാസസ്ഥാപനവും ഓരോ സന്നദ്ധസംഘടനയും സജീവമായി പ്രവർത്തിക്കാൻ തയ്യാറാവണം. കുട്ടികൾ ഉറങ്ങുമ്പോൾ മാതാപിതാക്കൾ നിശബ്ദരാകുന്നത് നല്ലതാണ്. ഉണരുമ്പോൾ ശ്രദ്ധയോടെ കാത്തിരിക്കുന്ന മാതാപിതാക്കൾ അവർ നശിക്കാൻ തുടങ്ങുമ്പോൾ ചാടി എഴുന്നേൽക്കണം. ഓരോ കുടുംബത്തിനും ഇതിലുള്ള ഉത്തരവാദിത്വം വീണ്ടും ഓർമിപ്പിക്കുകയാണ്. മറ്റുള്ളവർ വേദനിക്കുമ്പോൾ നമ്മൾ നിസ്സംഗരാവുകയോ ഉറങ്ങിപോവുകയോ അരുത്. ഏതാനും ദിവസങ്ങളിലേക്ക് മാത്രം പോരാ. ഈ മാരകമായ സാഹചര്യം തരണം ചെയ്യുന്നതുവരെ നമ്മൾ സുവിശേഷത്തിൽനിന്ന് ശക്തി ധരിച്ച് കർമ്മോത്സുകരാവണം. ഇത്തരമൊരു സാഹചര്യത്തിൽ രൂപതാകേന്ദ്രവും രൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളും എപ്പോഴും കൂട്ടത്തിൽ ഉണ്ടായിരിക്കും. ഉചിതമായ രീതിയിൽ മാനദണ്ഡങ്ങൾ പാലിച്ച് കോവിഡ് ബാധിത കുടുംബങ്ങളെ സഹായിക്കുവാൻ രൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾ എപ്പോഴും സന്നദ്ധമാണ്. കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യുന്നതിനും രൂപത സജ്ജീകരണങ്ങൾ ചെയ്യുന്നതാണ്. ശുശ്രൂഷാ രംഗത്ത് ഇറങ്ങാത്ത ഒരു ഇടവകയും നമ്മുടെ രൂപതയ്ക്കുള്ളിൽ ഉണ്ടാവാൻ പാടില്ല എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ മാനിച്ചുകൊണ്ടുള്ള കൂടിവരവുകളേ ആകാവൂ എന്നും ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം, പാലാ
25-05-2021